**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1311** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി പയ്യനാട് സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സ് വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ മഞ്ചേരി പയ്യനാട് സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സിൽ നിലവിൽ ലഭ്യമായിട്ടുള്ള കായിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ മഞ്ചേരി പയ്യനാട് സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലെക്സ് നിലവിൽ ലഭ്യമായിട്ടുള്ള കായിക സൗകര്യങ്ങൾ താഴെ പറയുന്നു.

1. ദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ ഗ്രൗണ്ട്, കോർട്ട്

2. 15,000 സീറ്റിംഗ് കപ്പാസിറ്റിയിലുള്ള ഗ്യാലറി

3. ടീം ഡ്രസ്സിംഗ് റൂം, മീഡിയ റൂം, കോൺഫറൻസ് ഹാൾ, മറ്റ് മാച്ച് അനുബന്ധ റൂം സൗകര്യങ്ങൾ

4. അത് ലറ്റിക്സിനായി 400 മീ മഡ് ട്രാക്ക്, ലോംങ്ജംപ് പിറ്റ്

5. രണ്ട് ബാസ്കറ്റ്ബോൾ കോർട്ട്

6. ഹോക്കി ഗ്രൗണ്ടിനുള്ള പ്രാഥമിക സ്ഥല സൗകര്യം

7. ജില്ലാ സ്പോർട്സ് അക്കാദമി ബാസ്കറ്റ്ബോൾ, ഹോക്കി, അത് ലറ്റിക്സ് സ്പോർട്സ് ഹോസ്റ്റൽ

**(ബി)** പ്രസ്തുത സ്റ്റേഡിയം കോംപ്ലക്സിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2016-ൽ സ.ഉ.(സാധാ.) നം.65/2016/കാ.യു.വ. തീയതി 29.02.2016 പ്രകാരം ഈ സ്റ്റേഡിയത്തിൽ ഫുട്ബോൾ അക്കാദമി അനുവദിച്ചെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2017-ൽ കിഫ്ബി വഴി 60 കോടി രൂപ സ.ഉ.(സാധാ.) നം.86/2017/കാ.യു.വ. തീയതി 19.04.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**(സി)** സ്പോർട്സ് കോംപ്ലക്സിൽ സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, ലൈറ്റിംഗ് സൗകര്യങ്ങൾ എന്നീ വികസന പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുമോ;

**മറുപടി:** സ്പോർട്സ് കോംപ്ലക്സിൽ സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, ലൈറ്റിംഗ് സൗകര്യങ്ങൾ എന്നിവ വികസന പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഗ്രാന്റ് അപ്പിൽ തുക വകയിരുത്തിയിട്ടില്ല.

**(ഡി)** പയ്യനാട് സ്റ്റേഡിയത്തിൽ കൂടുതൽ ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും യുവ കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നതിനുമായി കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

**മറുപടി:** പ്രസ്തുത സ്റ്റേഡിയത്തിൽ നിലവിൽ ഐ ലഗ്, സൂപ്പർ ലീഗ് കേരള മത്സരങ്ങൾ സീസണുകൾ ആയി നടന്നു വരുന്നു. യുവ കായിക പ്രതിഭകൾക്ക് പരിശീലനം നൽകുന്നതിന് ജില്ലാ സ്പോർട്സ് അക്കാദമി മഞ്ചേരി (സ്പോർട്സ് ഹോസ്റ്റൽ) സ്റ്റേഡിയം കോംപ്ലക്സിൽ പ്രവർത്തിക്കുന്നു. ഹോക്കി, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ് എന്നീ ഇനങ്ങളിൽ 24 കുട്ടികൾ താമസിച്ച് പരിശീലനം പഠനം എന്നിവ നടത്തുന്നു. ഖേലോ ഇന്ത്യ സ്കീമിൽ ഫുട്ബോൾ പരിശീലനം 36 കുട്ടികൾക്ക് ആഴ്ചയിൽ 5 ദിവസം നൽകി വരുന്നു. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഫുട്ബോൾ അക്കാദമിയിൽ ശനി, ഞായർ ദിവസങ്ങളിൽ 100 ഓളം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**